പതിനഞ്ചാം കേരള നിയമസഭ

ബിൽ നമ്പർ 125

# 2022-ലെ കേരള ധനസംബന്ധമായ ഉത്തരവാദിത്ത (ഭേദഗതി) ബിൽ

©

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2022

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

പതിനഞ്ചാം കേരള നിയമസഭ

ബിൽ നമ്പർ 125

# 2022-ലെ കേരള ധനസംബന്ധമായ ഉത്തരവാദിത്ത (ഭേദഗതി) ബിൽ

പതിനഞ്ചാം കേരള നിയമസഭ

ബിൽ നമ്പർ 125

# 2022-ലെ കേരള ധനസംബന്ധമായ ഉത്തരവാദിത്ത (ഭേദഗതി) ബിൽ

2003-ലെ കേരള ധനസംബന്ധമായ ഉത്തരവാദിത്ത

ആക്റ്റ് വീണ്ടും ഭേദഗതി

ചെയ്യുന്നതിനുള്ള

ഒരു

ബിൽ

പീഠിക.—2003-ലെ കേരള ധനസംബന്ധമായ ഉത്തരവാദിത്ത ആക്റ്റ് (2003-ലെ 29) ഇതിനുശേഷം കാണുന്ന ആവശ്യങ്ങൾക്കായി വീണ്ടും ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കുകയാൽ;

ഭാരത റിപ്പബ്ലിക്കിന്റെ എഴുപത്തിമൂന്നാം സംവത്സരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2022-ലെ കേരള ധനസംബന്ധമായ ഉത്തരവാദിത്ത (ഭേദഗതി) ആക്റ്റ് എന്ന് പേര് പറയാം.

(2) ഇത് 2021 ഏപ്രിൽ 1-ാം തീയതി പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതാണ്.

2. 4-ാം വകുപ്പിനുള്ള ഭേദഗതി.—2003-ലെ കേരള ധനസംബന്ധമായ ഉത്തരവാദിത്ത ആക്റ്റിലെ (2003-ലെ 29) (ഇതിനുശേഷം പ്രധാന ആക്റ്റ് എന്നാണ് പരാമർശിക്കപ്പെടുക) 4-ാം വകുപ്പിൽ, (2)-ാം ഉപവകുപ്പിന് പകരം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"(2) പ്രത്യേകിച്ചും മുൻപറഞ്ഞ വ്യവസ്ഥയുടെ സാമാന്യതയ്ക്ക് ഭംഗം വരാതെയും, റവന്യൂ കമ്മി 2021-2022 മുതൽ 2025-2026 വരെയുള്ള വർഷങ്ങളിൽ സർക്കാർ റവന്യൂ കമ്മി പൂർണ്ണമായും ഇല്ലാതാക്കേണ്ടതും;

(എ) 2021-2022, 2022-2023, 2023-2024, 2024-2025, 2025-2026 എന്നീ വർഷങ്ങളിൽ മൊത്തം സംസ്ഥാന ആഭ്യന്തര ഉല്പാദനത്തിന്റെ യഥാക്രമം 0.5 ശതമാനം, 0.8 ശതമാനം, 1.2 ശതമാനം, 1.7 ശതമാനം, 2.5 ശതമാനം എന്നീ ക്രമത്തിൽ റവന്യൂ മിച്ചം വർദ്ധിപ്പിക്കേണ്ടതാണ്. ധനക്കമ്മി പരിധിയ്ക്കുള്ളിൽ ലക്ഷ്യമാക്കുന്ന വായ്പാ തുക പൂർണ്ണമായും ആസ്തി വികസനത്തിനായി ചെലവഴിക്കേണ്ടതാണ്.

911/2022.

(ബി) 2021-2022, 2022-2023, 2023-2024, 2024-2025 എന്നീ വർഷങ്ങളിൽ ധനക്കമ്മി മൊത്തം സംസ്ഥാന ആഭ്യന്തര ഉല്പാദനത്തിന്റെ യഥാക്രമം 4.5 ശതമാനം, 4 ശതമാനം, 3.5 ശതമാനം, 3.5 ശതമാനം എന്നീ ക്രമത്തിൽ കുറയ്ക്കുകയും 2025-2026-ൽ ഇത് 3 ശതമാനത്തിലേക്ക് കുറച്ചുകൊണ്ടുവരുന്നതിലൂടെ 2021 ഏപ്രിൽ 1-ന് ആരംഭിച്ച് 2026 മാർച്ച് 31-ന് അവസാനിക്കുന്ന അഞ്ച് വർഷത്തിനുള്ളിൽ ധനക്കമ്മി മൊത്തം സംസ്ഥാന ആഭ്യന്തര ഉല്പാദനത്തിന്റെ 3 ശതമാനത്തിലേക്ക് കുറച്ചുകൊണ്ടുവരേണ്ടതാണ്.

കുറിപ്പ്:—(i) മൂലധന ചെലവിനത്തിലധിഷ്ഠിതമായ 0.5 ശതമാനം വായ്പയും 2021-2022 മുതൽ 2024-2025 വരെയുള്ള കാലയളവിൽ ഊർജ്ജമേഖലയിലെ പ്രവർത്തനമികവിനെ അടിസ്ഥാനമാക്കിയുള്ള അധികവായ്പാ പരിധിയായ 0.5 ശതമാനവും ഉൾപ്പെടുന്നതാണ് മേൽപ്പരാമർശിച്ച ധനക്കമ്മിയുടെ ഉയർന്ന പരിധി.

(ii) സംസ്ഥാനത്തിന് നിശ്ചയിച്ചിട്ടുള്ള മൂലധന ചെലവിനത്തിലെ ലക്ഷ്യങ്ങൾ സംസ്ഥാനം കൈവരിക്കുന്ന പക്ഷം മൂലധനചെലവിനധിഷ്ഠിതമായ വായ്പയെടുക്കുവാൻ സംസ്ഥാനം അർഹമാകുന്നതാണ്. ഊർജ്ജമേഖലയിലെ പ്രവർത്തന മികവിനെ അടിസ്ഥാനമാക്കിയുള്ള അധികവായ്പയ്ക്ക് അർഹമാകുന്നതിന് സംസ്ഥാനം ഓരോ വർഷത്തേക്കും നിഷ്കർഷിച്ചിട്ടുള്ള പ്രാഥമിക തലത്തിലുള്ള എല്ലാ വ്യവസ്ഥകളും പ്രവർത്തനമികവ് വിലയിരുത്തൽ മാനദണ്ഡങ്ങളും പാലിക്കേണ്ടതാണ്.

(iii) ധനകാര്യ കമ്മീഷൻ അവാർഡ് കാലയളവിന്റെ ആദ്യ നാലു വർഷങ്ങളിൽ (2021-2022 മുതൽ 2024-2025 വരെ) ഏതെങ്കിലും പ്രത്യേക വർഷത്തിൽ, അനുവദിച്ച വായ്പാപരിധി (ഊർജ്ജമേഖലയിലെ വായ്പ ഒഴികെ) പൂർണ്ണമായും വിനിയോഗിക്കാൻ സംസ്ഥാനത്തിന് കഴിയുന്നില്ലെങ്കിൽ, ഉപയോഗിക്കാത്ത വായ്പാ തുക ധനകാര്യ കമ്മീഷൻ അവാർഡ് കാലയളവിനുള്ളിൽ തുടർന്നുള്ള വർഷങ്ങളിൽ ഉപയോഗപ്പെടുത്തുവാൻ കഴിയുന്നതാണ്.

(സി) 2021-2022, 2022-2023, 2023-2024, 2024-2025, 2025-2026 എന്നീ വർഷങ്ങളിൽ സംസ്ഥാനത്തിന്റെ ആകെ കടബാധ്യത മൊത്തം സംസ്ഥാന ആഭ്യന്തര ഉല്പാദനത്തിന്റെ യഥാക്രമം 34.7 ശതമാനം, 34.5 ശതമാനം, 33.7 ശതമാനം, 32.8 ശതമാനം, 32 ശതമാനം എന്ന ക്രമത്തിലേക്ക് കുറച്ചുകൊണ്ടുവരേണ്ടതാണ്".

## ഉദ്ദേശ്യകാരണങ്ങളുടെ വിവരണം

ധനസംബന്ധമായ സുസ്ഥിരതയ്ക്ക് അനുയോജ്യമായ വിധത്തിൽ റവന്യൂ കമ്മി ക്രമാനുഗതമായി ഇല്ലാതാക്കുന്നതിലൂടെയും കടത്തിന്റെ സ്ഥായിയായ മാനേജ്മെന്റിലൂടെയും ധനസംബന്ധമായ മാനേജ്മെന്റിലും ധനസംബന്ധമായ സുസ്ഥിരതയിലും ജാഗ്രത ഉറപ്പാക്കുന്നതിനായി സർക്കാർ കൊണ്ടുവന്നിട്ടുള്ള 2003-ലെ കേരള ധനസംബന്ധമായ ഉത്തരവാദിത്ത ആക്റ്റിൽ, 15-ാം ധനകാര്യ കമ്മീഷന്റെ പുതുക്കിയ റോഡ് മാപ്പിന് അനുസൃതമായി ഭേദഗതി വരുത്തുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ബിൽ.

## ധനകാര്യമെമ്മോറാണ്ടം

ഈ ബിൽ നിയമമാക്കുകയും പ്രാബല്യത്തിൽ കൊണ്ടുവരികയും ചെയ്താൽ സംസ്ഥാന സഞ്ചിത നിധിയിൽ നിന്നും യാതൊരു അധിക ചെലവും ഉണ്ടാകുന്നതല്ല.

## ഏൽപ്പിച്ചുകൊടുത്ത നിയമനിർമ്മാണാധികാരം സംബന്ധിച്ച മെമ്മോറാണ്ടം

ബില്ലിലെ 4-ാം ഖണ്ഡം 2-ാം ഉപഖണ്ഡം റവന്യൂകമ്മി പൂർണ്ണമായി ഇല്ലാതാക്കുന്നതിനും 2021-2022 മുതൽ 2025-2026 വരെയുള്ള കാലയളവിൽ റവന്യൂ കമ്മി പൂജ്യമായി നിലനിർത്തുന്നതിനും സർക്കാരിനെ അധികാരപ്പെടുത്താൻ ഉദ്ദേശിച്ചുക്കൊണ്ടുള്ളതും;

(എ) 2021-2022, 2022-2023, 2023-2024, 2024-2025, 2025-2026 എന്നീ വർഷങ്ങളിൽ മൊത്തം സംസ്ഥാന ആഭ്യന്തര ഉല്പാദനത്തിന്റെ യഥാക്രമം 0.5 ശതമാനം, 0.8 ശതമാനം, 1.2 ശതമാനം, 1.7 ശതമാനം, 2.5 ശതമാനം എന്നീ ക്രമത്തിൽ റവന്യൂ മിച്ചം വർദ്ധിപ്പിക്കേണ്ടതാണ്. ധനക്കമ്മി പരിധിയ്ക്കുള്ളിൽ ലക്ഷ്യമാക്കുന്ന വായ്പാ തുക പൂർണ്ണമായും ആസ്തി വികസനത്തിനായി ചെലവഴിക്കേണ്ടതാണ്.

(ബി) 2021-2022, 2022-2023, 2023-2024, 2024-2025 എന്നീ വർഷങ്ങളിൽ ധനക്കമ്മി മൊത്തം സംസ്ഥാന ആഭ്യന്തര ഉല്പാദനത്തിന്റെ യഥാക്രമം 4.5 ശതമാനം, 4 ശതമാനം, 3.5 ശതമാനം, 3.5 ശതമാനം എന്നീ ക്രമത്തിൽ കുറയ്ക്കുകയും 2025-2026-ൽ ഇത് 3 ശതമാനത്തിലേക്ക് കുറച്ചുകൊണ്ടുവരുന്നതിലൂടെ 2021 ഏപ്രിൽ 1-ന് ആരംഭിച്ച് 2026 മാർച്ച് 31-ന് അവസാനിക്കുന്ന അഞ്ച് വർഷത്തിനുള്ളിൽ ധനക്കമ്മി മൊത്തം സംസ്ഥാന ആഭ്യന്തര ഉല്പാദനത്തിന്റെ 3 ശതമാനത്തിലേക്ക് കുറച്ചുകൊണ്ടുവരേണ്ടതാണ്.

(സി) 2021-2022, 2022-2023, 2023-2024, 2024-2025, 2025-2026 എന്നീ വർഷങ്ങളിൽ സംസ്ഥാനത്തിന്റെ ആകെ കടബാദ്ധ്യത മൊത്തം സംസ്ഥാന ആഭ്യന്തര ഉല്പാദനത്തിന്റെ യഥാക്രമം 34.7 ശതമാനം, 34.5 ശതമാനം, 33.7 ശതമാനം, 32.8 ശതമാനം, 32 ശതമാനം എന്ന ക്രമത്തിലേക്ക് കുറച്ചുകൊണ്ടുവരേണ്ടതാണ്.

കെ. എൻ. ബാലഗോപാൽ.

## 2003-ലെ കേരള ധനസംബന്ധമായ ഉത്തരവാദിത്ത ആക്റ്റിൽ നിന്നുള്ള പ്രസക്ത ഭാഗങ്ങൾ (2003-ലെ 29)

4. ധനസംബന്ധമായ നിർവ്വഹണ തത്വങ്ങൾ—(1) സർക്കാർ, നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമുള്ള തത്വങ്ങൾ പിൻതുടർന്നുകൊണ്ട് റവന്യൂകമ്മി കുറയ്ക്കുന്നതിനും മതിയായ റവന്യൂ മിച്ചം ഉണ്ടാക്കിയെടുക്കുന്നതിനും ഉചിതമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

(2) പ്രത്യേകിച്ചും മുൻപറഞ്ഞ വ്യവസ്ഥയുടെ സാമാന്യതയ്ക്ക് ഭംഗം വരാതെയും, സർക്കാർ റവന്യൂ കമ്മി 2017-2018 മുതൽ 2019-2020 വരെയുള്ള കാലയളവിൽ പൂർണ്ണമായും ഇല്ലാതാക്കേണ്ടതും.—

(എ) റവന്യൂ മിച്ചം വർദ്ധിപ്പിക്കുകയും ആ തുക ആസ്തികളേക്കാൾ കൂടുതലായുള്ള ബാദ്ധ്യതകൾ കൊടുത്തു തീർക്കുന്നതിന് ഉപയോഗപ്പെടുത്തുകയും;

(ബി)2017-2018 മുതൽ 2019-2020 വരെയുള്ള കാലയളവിൽ ധനസംബന്ധമായ കമ്മി മൊത്തം സംസ്ഥാന ആഭ്യന്തര ഉൽപ്പാദനത്തിന്റെ 3 ശതമാനം ആയി നിലനിർത്തുകയും;

എന്നാൽ 2019-2020 സാമ്പത്തിക വർഷത്തിൽ മൊത്തം സംസ്ഥാന ആഭ്യന്തര ഉത്പാദനത്തിന്റെ 3 ശതമാനം ധനകമ്മിയ്ക്ക് പുറമെ ഒറ്റത്തവണയായി 1471 കോടി രൂപ അധിക വായ്പ എടുക്കുന്നതിന് സംസ്ഥാനത്തിന് അർഹതയുണ്ടായിരിക്കുന്നതും പ്രസ്തുത ഒറ്റത്തവണ അധിക വായ്പ 2019-2020 സാമ്പത്തിക വർഷത്തിൽ തന്നെ വിനിയോഗിക്കേണ്ടതുമാണ്.

കുറിപ്പ്:—(i) ഏതൊരു വർഷത്തേക്കാണോ കടമെടുപ്പ് പരിധി നിജപ്പെടുത്തേണ്ടത്, അതിനുമുൻപുള്ള വർഷത്തിൽ മൊത്തം സംസ്ഥാന ആഭ്യന്തര ഉൽപ്പാദനം-കടം എന്നിവ തമ്മിലുള്ള അനുപാതം 25 ശതമാനമോ അതിൽ കുറവോ ആണെങ്കിൽ ഇതിനുപുറമേ 0.25 ശതമാനം അധിക ഇളവിന് സംസ്ഥാനം അർഹമാകുന്നതാണ്;

(ii) ഏതൊരു വർഷത്തേക്കാണോ കടമെടുപ്പ് പരിധി നിജപ്പെടുത്തേണ്ടത്, അതിനുമുൻപുള്ള വർഷത്തിൽ പലിശയടവ് റവന്യൂ വരുമാനത്തിന്റെ 10 ശതമാനമോ അതിൽ കുറവോ ആണെങ്കിൽ മൊത്തം സംസ്ഥാന ആഭ്യന്തര ഉൽപ്പാദനത്തിന്റെ 0.25 ശതമാനം അധിക വായ്പാ പരിധിക്ക് സംസ്ഥാനം വീണ്ടും അർഹമാകുന്നതാണ്;

(iii) മേൽ പ്രസ്താവിച്ച മാനദണ്ഡങ്ങളിൽ ഏതെങ്കിലും ഒന്ന് നിറവേറ്റപ്പെടുകയാണെങ്കിൽ പ്രസ്തുത ഇളവുകളിൽ ഏതെങ്കിലും പ്രത്യേകമായോ അല്ലെങ്കിൽ രണ്ടും നിറവേറ്റപ്പെടുകയാണെങ്കിൽ പ്രസ്തുത ഇളവുകൾ രണ്ടും ഒരുമിച്ചോ, സംസ്ഥാനത്തിന് പ്രയോജനപ്പെടുത്താവുന്നതാണ്. ഇപ്രകാരം സംസ്ഥാനത്തിന് ഒരു നിർദ്ദിഷ്ട വർഷത്തിൽ പരമാവധി ധനക്കമ്മി-മൊത്തം സംസ്ഥാന ആഭ്യന്തര ഉൽപ്പാദനം എന്നിവ തമ്മിലുള്ള അനുപാതം 3.5 ശതമാനം വരെ ആകാവുന്നതാണ്;

(iv) വായ്പാപരിധി നിജപ്പെടുത്തേണ്ട വർഷത്തിലും തൊട്ടുമുൻപുള്ള വർഷത്തിലും റവന്യൂ കമ്മി ഇല്ലാതാകുന്ന സാഹചര്യത്തിൽ മാത്രമേ അധിക പരിധിക്ക് പ്രസ്തുത ഇളവുകളിൽ ഏതെങ്കിലും ഒന്നോ അല്ലെങ്കിൽ രണ്ടും ഒരുമിച്ചോ സംസ്ഥാനത്തിന് ലഭിക്കുകയുള്ളൂ.

ഇപ്രകാരം ലഭിക്കുന്ന അധിക ഫിസ്കൽ സ്പേസ് കേന്ദ്രാവിഷ്കൃത പദ്ധതികളുടെ സംസ്ഥാന വിഹിതത്തിനായി വിനിയോഗിക്കേണ്ടതാണ്.

(ബിഎ) സംസ്ഥാനം 2020-21 സാമ്പത്തിക വർഷത്തിൽ ധനക്കമ്മി മൊത്തം സംസ്ഥാന ആഭ്യന്തര ഉത്പാദനത്തിന്റെ 3 ശതമാനം ആയി നിലനിർത്തേണ്ടതാണ്. 2020-21 സാമ്പത്തിക വർഷത്തിൽ മൊത്തം സംസ്ഥാന ആഭ്യന്തര ഉല്പാദനത്തിൻെറ 3 ശതമാനം ധനക്കമ്മിക്ക് പുറമെ ഒരു രാജ്യം ഒരു റേഷൻ കാർഡ് സംവിധാനം നടപ്പിലാക്കൽ, വ്യാപാരം ചെയ്യുന്നതിനുള്ള നടപടിക്രമങ്ങൾ ലഘൂകരിക്കുന്നതിനുള്ള പരിഷ്കാരങ്ങൾ, ഊർജ്ജ മേഖലയിലെ പരിഷ്കാരങ്ങൾ എന്നീ നാല് പ്രത്യേക സംസ്ഥാനതല പരിഷ്കാരങ്ങൾ നടപ്പിലാക്കണം എന്ന നിബന്ധനയ്ക്ക് വിധേയമായി, മൊത്തം സംസ്ഥാന ആഭ്യന്തര ഉത്പാദനത്തിന്റെ 2 ശതമാനം അധിക വായ്പ എടുക്കുന്നതിന് സംസ്ഥാനം അർഹമാകുന്നതാണ്. ഇപ്രകാരമുള്ള അധികവായ്പ 2020-21 വർഷത്തിൽ തന്നെ വിനിയോഗിക്കേണ്ടതുമാണ്.

<u>കുറിപ്പ്</u>.—(i) ഓരോ സംസ്ഥാനതല പരിഷ്കാരങ്ങൾക്കും മൊത്തം സംസ്ഥാന ആഭ്യന്തര ഉത്പാദനത്തിന്റെ 0.25 ശതമാനം വെയിറ്റേജ് എന്ന തോതിൽ ഒരു ശതമാനം അധിക വായ്പയും;

(ii) ബാക്കിയുള്ള ഒരു ശതമാനം അധിക വായ്പ 0.50 ശതമാനം വീതം രണ്ട് ഗഡുക്കളായി സംസ്ഥാനത്തിന് ലഭ്യമാകുന്നതാണ്. ആദ്യത്തെ ഗഡുവായ 0.50 ശതമാനം നിബന്ധനകളൊന്നുമില്ലാതെ തന്നെ സംസ്ഥാനത്തിന് ലഭ്യമാകുന്നതും രണ്ടാമത്തെ ഗഡു ലഭ്യമാകുന്നതിന് മുകളിൽ പ്രസ്താവിച്ചിട്ടുള്ള നാല് സംസ്ഥാനതല പരിഷ്കാരങ്ങളിൽ മൂന്നെണ്ണം എങ്കിലും പാലിക്കേണ്ടതുമാണ്.

(സി) 2017-2018, 2018-2019, 2019-2020 എന്നീ വർഷങ്ങളിൽ സംസ്ഥാനത്തിന്റെ ആകെ കടബാദ്ധ്യത മൊത്തം സംസ്ഥാന ആഭ്യന്തര ഉൽപ്പാദനത്തിന്റെ യഥാക്രമം 30.40 ശതമാനം 30.01 ശതമാനം, 29.67 ശതമാനം എന്നീ നിലയിലേക്ക് കുറയ്ക്കുകയും ചെയ്യേണ്ടതുമാണ്.